**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 38** **28-06-2022 - ൽ മറുപടിയ്ക്ക്**

**കിഫ്ബി വായ്പകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയുടെ വായ്പാ തിരിച്ചടവിനായി ഉപയോഗപ്പെടുത്തുന്ന മോട്ടോർ വാഹന നികുതിയിനത്തിലെ പകുതി തുകയും പെട്രോൾ സെസ്സും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ ഭാഗമാണോയെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യംവെച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് അതിനെ പര്യാപ്തമാക്കുന്നതിനാണ് നിയമനിർമ്മാണം വഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർ നൽകിവരുന്നത്. ഇത് കിഫ് ആക്ട് മുഖാന്തിരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക് നൽകേണ്ടതാണ്. ആക്ട് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>കിഫ് ആക്ട് പ്രകാരം ഇത്തരം വിഹിതം കിഫ്ബിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള അതിന്റെ ആസ്തിയാണ്. ഇത് കിഫ്ബിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുന്നപോലെ കോർപ്പസ് ഫണ്ട് ആയി മാറുന്നു. ഇത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ-പ്ലാൻ ചെലവുകളോ മറ്റ് സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ നോൺ-സ്റ്റാറ്റ്യൂട്ടറി കടമകൾ നിർവ്വഹിക്കുന്നതിനോ ആയിട്ടുള്ള ബജറ്ററി വിഭവമായോ കണക്കാക്കിയിട്ടില്ല. അതായത്, ഇത്തരത്തിൽ കിഫബിയ്ക്ക് നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംസ്ഥാനത്തിന് അതിന്റെ വാർഷിക ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പ്രതിബദ്ധതകൾ നിറവേറ്റുന്നതിനുള്ള ഒരു വിഭവമായി കണക്കാക്കില്ല. ഈ തുക പൂർണ്ണമായും കിഫ്ബിയുടെ വിവേചനാധികാരത്തിൽ നൽകപ്പെട്ട തുകയാണ്. |
| (ബി) | സംസ്ഥാനത്തിന്റെ വരുമാനത്തിൽ നിന്നും തിരിച്ചടവ് നടത്തുന്ന കിഫ്ബി വായ്പകൾ | (ബി) | കിഫ്ബിയുടെ വായ്പകളുടെ തിരിച്ചടവ് മേൽ |

| | | | |
|---|---|---|---|
| | സംസ്ഥാനത്തിന്റെ കടത്തിന്റെ ഭാഗമല്ല എന്ന് വിലയിരുത്തുവാൻ സാധിക്കുമോ; എങ്കിൽ ഏത് മാനദണ്ഡപ്രകാരമാണെന്ന് വ്യക്തമാക്കുമോ; | | സൂചിപ്പിച്ചപോലെ ആക്ട് പ്രകാരം ലഭിക്കുന്ന തുകയിൽ നിന്നും, വരുമാനദായകമായ പദ്ധതികളിൽ നിന്നുമുള്ള തിരിച്ചടവിൽ നിന്നും, നിക്ഷേപങ്ങളിൽ നിന്നും പലിശയായി ലഭിക്കുന്ന തുകയിൽ നിന്നുമാണ് നടത്തിവരുന്നത്.<br><br>കൂടാതെ സംസ്ഥാനത്തിന്റെ കടം, സംസ്ഥാനം ഗ്യാരന്റി നൽകുന്ന വായ്പകൾ, അതിന്റെ മാനദണ്ഡങ്ങൾ എന്നിവ സംബന്ധിക്കുന്ന വ്യവസ്ഥകൾ ഇന്ത്യൻ ഭരണഘടനയിൽ ആർട്ടിക്കിൾ 293 ൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ അതിന്റെ പരമാവധി ഗ്യാരന്റി പരിധി ആക്ടിന്റെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ആണ് നൽകിയിരിക്കുന്നത്. ആർട്ടിക്കിൾ 293 സർക്കാരിന്റെ കടമെടുക്കലും സർക്കാർ നൽകുന്ന ഗ്യാരണ്ടിയിലുള്ള വായ്പകളും പ്രത്യേകം വേർതിരിക്കുന്നു. കൂടതെ, ആർട്ടിക്കിൾ 293(3)-ൽ പരാമർശിച്ചിരിക്കുന്ന 'വായ്പ' എന്നത് കടമെടുക്കൽ മാത്രം ഉൾക്കൊള്ളാൻ ഉദ്ദേശിച്ചുള്ളതാണെന്നും സംസ്ഥാന സർക്കാർ ഗാരന്റികൾക്ക ബാധകമല്ലെന്നും റിസർവ് ബാങ്ക് അതിന്റെ റിപ്പോർട്ടിൽ (**Chapter 3: Salient Features of State Government Guarantees and the Dimensions Thereof Dated : 11 Mar 1999**) വിശദീകരിച്ചിട്ടുള്ളതാണ്. കേന്ദ്ര സർക്കാരും ഇത്തരത്തിൽ തന്നെയാണ് അതിന്റെ പൊതുമേഖല സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പകളെ കണക്കിലാക്കുന്നത്.<br><br>കിഫ്ബി ആന്യൂറ്റി മാതൃക അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു തനത് സാമ്പത്തിക സംവിധാനമാണ്. കിഫ്ബി വായ്പകൾ സംസ്ഥാനത്തിന്റെ കടത്തിന്റെ ഭാഗമായി വിലയിരുത്തുവാൻ സാധിക്കില്ല. |
| (സി) | കിഫ്ബി വായ്പകൾ സംബന്ധിച്ച് സി.ആൻഡ് എ.ജി. നടത്തിയ പരാമർശം ശരിവയ്ക്കുന്ന രീതിയിൽ പ്രസ്തുത വായ്പകൾ പൊതുകടത്തിന്റെ ഭാഗമാണ് എന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ വ്യക്തമാക്കിയിരിക്കുന്നതിനാൽ ബജറ്റിന് പുറത്തുനിന്നും വായ്പയെടുക്കുന്ന നയത്തിൽ പുനർവിചിന്തനം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ? | (സി) | കിഫ്ബി വായ്പകൾ സംബന്ധിച്ച് സി.ആൻഡ് എ.ജി. നടത്തിയ പരാമർശം ശരിവയ്ക്കുന്ന രീതിയിൽ പ്രസ്തുത വായ്പകൾ പൊതുകടത്തിന്റെ ഭാഗമാണ് എന്ന് കേന്ദ്ര ധനകാര്യ കമ്മീഷൻ അഭിപ്രായപ്പെട്ടിട്ടില്ല. എന്നാൽ ചില സംസ്ഥാന സർക്കാരുകൾ പൊതുചെലവുകൾക്ക് EBR അല്ലെങ്കിൽ ഓഫ്-ബജറ്റ് വായ്പകൾ വഴി ധനസഹായം നൽകിയിട്ടുണ്ട് എന്ന് സി&എ.ജി റിപ്പോർട്ടിൽ പരാമർശം ഉണ്ട് എന്ന് കേന്ദ്ര ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുന്നു. ഇത് എതെങ്കിലും തരത്തിൽ സംസ്ഥാന സർക്കാരിന്റെ വായ്പ നയത്തെ ചോദ്യം ചെയ്യുന്നതല്ല. സംസ്ഥാന സർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | കടങ്ങളും സർക്കാർ ഗ്യാരണ്ടി നൽകുന്ന വായ്പകളുടെ വിവരങ്ങളും കൃത്യമായി ബജറ്റ് ഡോക്യുമെന്റുകളിലും നിയമസഭ സമിതി ചർച്ച രേഖകളിലും വിശദമാക്കിയിട്ടുള്ളതാണ്.<br><br>കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി.ആൻറ് എജിയുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുള്ളതുമായിരുന്നു എന്നുമാത്രവുമല്ല സി.ആന്റ് എജി യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൌണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമായിരുന്നു. ആയതിനാൽ 2019 ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ സി.ആന്റ് എ.ജി നടത്തിയ സമാന പരാമർശങ്ങൾ ഈ സഭ നിരാകരിച്ചിരുന്നതാണ്.<br><br>വർഷങ്ങളായി ധനകാര്യ കമ്മീഷനുകൾ സംസ്ഥാനങ്ങളുടെ ധനക്കമ്മിയുടെയും കുടിശ്ശികയുള്ള കടത്തിന്റെയും ലക്ഷ്യങ്ങൾ ശുപാർശ ചെയ്തുവരുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് കേന്ദ്ര സർക്കാർ ഒരു പ്രത്യേക സാമ്പത്തിക വർഷത്തേക്കുള്ള സംസ്ഥാനങ്ങളുടെ പരമാവധിവായ്പാ പരിധി നിശ്ചയിക്കുന്നത്. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ സംസ്ഥാന സർക്കാരുകളുടെ പൊതു കടം ഉയർത്തുന്നതിൽ നിന്ന് കേന്ദ്ര സർക്കാരിനെ വേർപെടുത്തണമെന്ന നിർദ്ദേശം മുന്നോട്ടു വെച്ചിരുന്നു. പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ ചൂണ്ടിക്കാണിച്ചതുപോലെ, സംസ്ഥാനം അതിന്റെ ധനകാര്യ മാനേജ്മെന്റിൽ കാണിക്കുന്ന ഏതെങ്കിലും കാര്യക്ഷമതയില്ലായ്മ സാമ്പത്തിക വിപണികൾ തന്നെ വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ വായ്പകൾ ലഭ്യമാക്കണമെന്ന കാഴ്ചപ്പാടാണ് സ്വീകരിച്ചത്. ഇത്തരത്തിൽ ഉയർന്ന റേറ്റിംഗ് ഉള്ള സംസ്ഥാനങ്ങളുടെ വായ്പകൾ സ്വാഭാവികമായും വിപണിയിൽ കുറഞ്ഞ പലിശക്ക് ലഭ്യമാകും, മറ്റുള്ളവർക്ക് ഉയർന്ന റിസ്ക് പ്രീമിയത്തിന്റെ വില നൽകേണ്ടിവരും എന്ന ആശയമാണ് മുന്നോട്ടുവെച്ചത്.<br><br>സർക്കാർ ഗ്യാരണ്ടിയിന്മേൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പകൾ സർക്കാരിന്റെ വായ്പകളായി കരുതുവാൻ കഴിയില്ല എന്നുതന്നെയാണ് ഈ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ  നിലപാട്. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

കേരളത്തിലെ അടിസ്ഥാന സൗകര്യ പദ്ധതികളിലേക്കായി പണം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കിഫ് ആക്ട് 1999 ന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട ഒരു ബോഡി കോർപ്പറേറ്റ് ആണ് കിഫ്ബി. ഇതിലൂടെ ലക്ഷ്യംവെച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ അതിനെ പര്യാപ്തമാക്കുന്നതിന് നിയമനിർമ്മാണം വഴി മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയുടെ നിശ്ചിത വിഹിതവും പെട്രോളിയം സെസ്സും കണക്കാക്കിയുള്ള തുക സംസ്ഥാന സർക്കാർ കിഫ്ബിയ്ക്ക് നൽകിവരുന്നു. മോട്ടോർ വാഹന നികുതിയും പെട്രോളിയം സെസ്സും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിന്റെ ഭാഗമാണ്. എന്നാൽ നിയമപ്രകാരം കിഫ്ബിയ്ക്ക് നൽകേണ്ട തുകയുടെ ഒരു അളവുകോൽ മാത്രമാണ് മുൻവർഷത്തിൽ ലഭിച്ച മോട്ടോർ വാഹന നികുതിയിനത്തിലെ പകുതി തുകയും പെട്രോൾ സെസ്സും എന്ന കണക്ക്. ഇത് സംസ്ഥാന നിയമസഭ പാസാക്കിയ കിഫ് ആക്ട് മുഖാന്തിരം നിയമപ്രകാരം മുടക്കമില്ലാതെ കിഫ്ബിക്ക് നൽകേണ്ടതാണ്. ഇത്തരത്തിൽ കണക്കാക്കുന്ന തുക ബജറ്ററി ചെലവുകൾക്കായുള്ള റവന്യൂ റെസിപ്റ്റ് ആയി കണക്കാക്കുകയില്ല. കിഫ് ആക്ട് പ്രകാരം ഇത് കിഫ്ബിയുടെ പരിപൂർണ്ണ നിയന്ത്രണത്തിലുള്ള ആസ്തിയാണ്. ഇത് കിഫ്ബിയുടെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ സൂചിപ്പിക്കുന്നപോലെ കോർപ്പസ് ഫണ്ട് ആയി മാറുന്നു. ഇത് സർക്കാരിന്റെ പ്ലാൻ അല്ലെങ്കിൽ നോൺ-പ്ലാൻ ചെലവുകളോ മറ്റ് സ്റ്റാറ്റ്യൂട്ടറി അല്ലെങ്കിൽ നോൺ - സ്റ്റാറ്റ്യൂട്ടറി കടമകൾ നിർവ്വഹിക്കുന്നതിനോ ആയിട്ടുള്ള ബജറ്ററി വിഭവമായി കണക്കാക്കിയിട്ടില്ല. അതായത്, ഇത്തരത്തിൽ കിഫ്ബിയ്ക്ക് നിയമപ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന തുക സംസ്ഥാനത്തിന് അതിന്റെ വാർഷിക ബജറ്റിൽ വിഭാവനം ചെയ്തിട്ടുള്ള പ്രതിബദ്ധതകൾ നിറവേറ്റുന്നതിനുള്ള ഒരു വിഭവമായി കണക്കാക്കില്ല. ഈ തുക പൂർണ്ണമായും കിഫ്ബിയുടെ വിവേചനാധികാരത്തിൽ നിയമപ്രകാരം നൽകപ്പെട്ട തുകയാണ്. ആക്ട് അനുശാസിക്കുന്ന പ്രകാരം കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കും തിരിച്ചടവുകൾക്കും പദ്ധതി നിർവ്വഹണത്തിനും ഈ തുക പ്രയോജനപ്പെടുത്താവുന്നതാണ്.

കിഫ്ബി ആന്വിറ്റി മാതൃക അടിസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു തനത് സാമ്പത്തിക സംവിധാനമാണ്. അല്ലാതെ ബജറ്റിന് പുറത്ത് കടമെടുക്കാൻ ഉണ്ടാക്കിയ ഒരു സംവിധാനമോ കിഫ്ബിയുടെ വായ്പകൾ സർക്കാരിന്റെ നേരിട്ടുള്ള ബാധ്യതയോ അല്ല. ബജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ച ഏതാണ്ട് 70,000 കോടി രൂപയോളം വരുന്ന പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കിഫ്ബിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനു കാലക്രമേണ വളരുന്ന ആന്വിറ്റി (growing annuity) പേയ്മെന്റ് ആയി കിഫ്ബിക്ക് നൽകുമെന്ന് സർക്കാർ നിയമം മൂലം ഉറപ്പ് നൽകുന്നു.

കിഫ്ബിയുടെ കാര്യത്തിൽ ഇരുപത്തഞ്ച് ശതമാനം പദ്ധതിയെങ്കിലും വരുമാനദായകമാണ്. ട്രാൻസ്ഗ്രിഡ്, കെ ഫോൺ, വ്യവസായ ഭൂമി, തുടങ്ങിയവക്ക് നൽകുന്ന വായ്പ മുതലും പലിശയും ചേർന്ന് കിഫ്ബിയിൽ തിരിച്ചെത്തുന്നുണ്ട്. അങ്ങനെ നോക്കിയാൽ ഈ തുകയും നിയമം മൂലം സർക്കാരിൽ നിന്ന് ലഭിക്കുന്ന നികുതി വിഹിതവും ചേർത്താൽ കിഫ്ബി ഒരിക്കലും കടക്കെണിയിൽ ആവില്ല. ഓരോ പ്രോജക്ട് എടുക്കുമ്പോഴും അതിന്റെ ബാധ്യതകൾ എന്തെല്ലാമാണ് കൊടുക്കേണ്ടി വരിക എന്ന് കൃത്യമായി ഗണിച്ചെടുക്കാൻ പ്രാപ്തിയുള്ള അസറ്റ് ലയബിലിറ്റി മാനേജ്മെന്റ് സോഫ്റ്റ് വെയർ കിഫ്ബി വികസിപ്പിച്ചിട്ടുണ്ട്. അതുപോലെ കിഫ്ബിക്ക് വരും വർഷങ്ങളിൽ ലഭിക്കുന്ന വരുമാനവും കൃത്യമായി കണക്ക് കൂട്ടാനാവും. ഭാവിയിൽ ഒരു ഘട്ടത്തിലും കിഫ്ബിയുടെ ബാധ്യതകൾ വരുമാനത്തെ അധികരിക്കില്ല എന്ന് ഉറപ്പ് വരുത്തി കൊണ്ട് മാത്രമേ കിഫ് ബോർഡ് പ്രോജക്ടുകൾ അംഗീകരിക്കുകയുള്ളൂ. അസറ്റ് ലയബിലിറ്റി മോഡൽ (ALM) നടത്താൻ കഴിയുന്ന സോഫ്റ്റ് വെയർ അടിസ്ഥാനത്തിൽ ആണ് കിഫ്ബി പ്രവർത്തിക്കുന്നത്, ഇതു കൊണ്ടാണ് കിഫ്ബി സംസ്ഥാനത്തിന് ബാധ്യതയാകും എന്ന ആരോപണം സാധൂകരിക്കപ്പെടാത്തത്. സംസ്ഥാനത്തെ കടക്കെണിയിലാക്കും എന്നും മറ്റുമുള്ള ആക്ഷേപങ്ങൾ അടിസ്ഥാനരഹിതമാണ്. അനിയന്ത്രിതമായ കടമെടുപ്പല്ല കിഫ്ബിയിൽ നടക്കുന്നതെന്ന് സാരം.

സിഎജിയുടെ 2021 ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ കിഫ്ബിയുടെ വായ്പകളെ സംബന്ധിച്ച പരാമർശങ്ങൾ ഏകപക്ഷീയവും മേൽപ്പറഞ്ഞ വസ്തുതകൾക്ക് നിരക്കാത്തതുമായിരുന്നു. ആന്വിറ്റി മാതൃകയിലുള്ള കിഫ്ബിയുടെ പ്രവർത്തനരീതിയെ

ബജറ്റിന് പുറത്തുള്ള കടമെടുപ്പ് സംവിധാനമായി വ്യാഖ്യാനിക്കുകയാണ് സിഎജി റിപ്പോർട്ടിൽ.

കിഫ്ബിയുടേത് ഓഫ് ബജറ്റ് വായ്പകളാണെന്നും സർക്കാരിന്മേലുള്ള കണ്ടിജന്റ് ലയബിലിറ്റി അല്ലായെന്നുമുള്ള സി. ആന്റ് എജി യുടെ നിഗമനം തെറ്റായതും കിഫ്ബിയുടെ അടിസ്ഥാന ധനകാര്യ മാതൃക വിശകലനം ചെയ്യാതെയും മനസ്സിലാക്കാതെയുമുള്ളതുമായിരുന്നു എന്നുമാത്രവുമല്ല സി. ആന്റ് എജി യുടെ നിർദ്ദേശങ്ങൾ സാധാരണ അക്കൗണ്ടിംഗ് തത്വങ്ങൾക്ക് അനുസൃതമല്ലാത്തതുമായിരുന്നു. ആയതിനാൽ 2019 ലെ സംസ്ഥാനത്തിന്റെ ഓഡിറ്റ് റിപ്പോർട്ടിൽ സി. ആന്റ് എജി യുടെ നടത്തിയ സമാന പരാമർശങ്ങൾ ഈ സഭ നിരാകരിച്ചിരുന്നതാണ്.

നിലവിലെ ഗ്യാരണ്ടി പരിധി ആക്ടിൽ വിവക്ഷിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ടു തന്നെയാണ് കിഫ്ബിയുടെ വായ്പകൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുന്നത്. ഇത് ബജറ്റ് രേഖകളോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നതാണ്. കൂടാതെ കിഫ്ബിയുടെ അക്കൗണ്ട്സും പ്രവർത്തന റിപ്പോർട്ടും ബജറ്റിനോടൊപ്പം സഭയിൽ സമർപ്പിക്കപ്പെടുന്നുണ്ട്. ആയതിനാൽ തന്നെ കിഫ്ബിയുടെ കടമെടുപ്പ് 2003 ലെ ധന ഉത്തരവാദിത്ത നിയമം പാലിച്ചുതന്നെയാണ്.

സർക്കാർ വിവിധ ആവശ്യങ്ങൾക്കായി രൂപീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലൂടെ അവയുടെ പ്രവർത്തന രീതിക്ക് വിധേയമായി വായ്പയിലൂടെ സമാഹരിക്കുന്ന തുകയുടെ വിശദാംശം പ്രസ്തുത സ്ഥാപനങ്ങളുടെ ബാധ്യതയായി അവയുടെ കണക്കുകളിൽ കാണിക്കുന്നുണ്ട്. അവ സർക്കാരിന്റെ ബാധ്യതയല്ലാത്തതിനാൽ സർക്കാരിന്റെ കണക്കുകളിൽപ്പെടുത്തേണ്ടതില്ല.

ബഹു. എം.പി ശ്രീ. ജോൺ ബ്രിട്ടാസ് രാജ്യസഭയിൽ ഉന്നയിച്ച 1805 (സി) ചോദ്യത്തിന് ഉത്തരമായി 2021 ഡിസംബർ 14 ന് ബഹു. കേന്ദ്ര ധനകാര്യ മന്ത്രി ശ്രീമതി.നിർമല സീതാരാമൻ നൽകിയ മറുപടിയിൽ പൊതുമേഖല സ്ഥാപനങ്ങൾ സമാഹരിക്കുന്ന External Budgetary Resources (EBRs) കേന്ദ്ര സർക്കാരിന്റെ പൊതുകടത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കേന്ദ്രസർക്കാരും സംസ്ഥാന സർക്കാരുകളും നൂറുകണക്കിന് കമ്പനികളും ഭരണഘടന സ്ഥാപനങ്ങളും ഇതേ മാതൃകയിൽ സ്ഥാപിച്ചിട്ടുണ്ട്. ഈ ഏജൻസികൾ സർക്കാരുകളെയും കേന്ദ്രങ്ങളെയും സംസ്ഥാനങ്ങളെയും അവരുടെ വികസന പദ്ധതികൾ നടപ്പിലാക്കാൻ സഹായിക്കുന്നു. കേന്ദ്ര ഗവൺമെന്റിന് കീഴിലുള്ള ഇത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്ര ബജറ്റിലൂടെ ഗ്രാന്റായോ അല്ലെങ്കിൽ 'നിക്ഷേപം' ആയോ തുക നൽകിവരുന്നു. ഈ സ്ഥാപനങ്ങൾ അവരുടെ സ്വന്തം കടമെടുപ്പിലൂടെ സാമ്പത്തിക വിപണികളിൽ നിന്ന് കൂടുതൽ വിഭവ സമാഹരണം നടത്തുന്നു. ഈ കടമെടുപ്പുകൾ രാജ്യത്തിന്റെ വികസന അജണ്ടയെ മുന്നോട്ട് കൊണ്ടുപോകുന്നതിൽ കാര്യമായി സഹായിക്കുന്നു.

സർക്കാർ ഗ്യാരണ്ടിയിന്മേൽ സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ സമാഹരിക്കുന്ന വായ്പ്പകൾ സർക്കാരിന്റെ വായ്പകളായി കരുതുവാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ